ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാന എക്സൈസ് വകുപ്പിൽ 282 വനിതാ സിവിൽ എക്സൈസ് ഓഫീസർമാർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) എക്സൈസ് വകുപ്പിൽ വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ ഒഴിവുകൾ നിലവിലില്ല. എങ്കിലും 140 പുതിയ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.

(സി) വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. ടി ലിസ്റ്റിൽനിന്നും വകുപ്പിൽ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് നിയമന ശിപാർശയ്ക്കുള്ള അപേക്ഷ പി.എസ്.സി.-ക്ക് നൽകുന്നതാണ്.

ലഹരി മോചന പദ്ധതി

124 (1864) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി ഉപയോഗം കുറയ്ക്കാനായി സർക്കാർ എന്തു പദ്ധതിയാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഈ പദ്ധതിയുടെ നടത്തിപ്പിനായി എത്ര ചെലവ് വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) മദ്യവിൽപ്പനയിൽ നിന്നും ഇക്കാര്യത്തിലേയ്ക്ക് സെസ് ആയി എത്ര രൂപ സമാഹരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) സർക്കാരിന്റെ ലഹരിമോചന പദ്ധതിയായ സുബോധത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

(ഡി) സുബോധത്തിന്റെ നടത്തിപ്പിനായി സെസ് പിരിച്ച കേരള ബിവറേജസ് കോർപ്പറേഷൻ അതത് മാസങ്ങളിൽ തന്നെ വിൽപ്പന നികുതി വകുപ്പിന് കൈമാറിയിട്ടുണ്ടെങ്കിലും, ആയത് ശരിയായ രീതിയിൽ നികുതി വകുപ്പ് കണക്കിൽ പ്പെടുത്തിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ഉത്തരവാദികളായവരുടെ പേരിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2030-ഓടെ കേരളത്തെ ലഹരി വിമുക്തമാക്കുക എന്ന പുനർജനിയുടെ ലക്ഷ്യം ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനായി, സർക്കാർ സുബോധം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഭരണാനുമതി ലഭിച്ച ടി പദ്ധതി 3 വർഷത്തേയ്ക്കാണ് വിഭാവനം ചെയ്തിട്ടുള്ളത്. 2015-16 സാമ്പത്തിക വർഷത്തിൽ ആകെ അടങ്കൽ തുകയായ 78.80 കോടി രൂപയ്ക്ക് 25-9-2015-ലെ ജി.ഒ.

LIBRARY ARCHIVES Kerala Legislative Assembly

(എംഎസ്.) നമ്പർ 171/2015/നി.വ. ഉത്തരവ് പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. വരും സാമ്പത്തിക വർഷത്തിൽ (2016-17, 2017-18) ആകെ 295.20 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

(ബി) 1-10-2014 മുതൽ മദ്യവിൽപ്പനയിൽ നിന്ന് 5 ശതമാനം പുനരധിവാസ സെസ് ആയി സമാഹരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	വർഷം	തുക
1	2014-15	118.12 കോടി
2	2015-16 (2015 ഡിസംബർ വരെ)	217.76 കോടി
	ആകെ	335.88 കോടി

(സി) 25-9-2015-ലെ ജി.ഒ.(എംഎസ്.) നമ്പർ 171/2015/നി.വ. സർക്കാർ ഉത്തരവ് പ്രകാരം സുബോധം പദ്ധതിക്ക് ഭരണാനുമതി നൽകി. സുബോധം പദ്ധതിയുടെ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിനായും പൂർണ്ണമായ നടത്തിപ്പിനും മേൽനോട്ടത്തിനുമായി ഒരു ഉന്നതതല സമിതി/കമ്മിറ്റി 27-4-2015-ലെ ജി.ഒ.(എംഎസ്.) നമ്പർ 73/2015/നി.വ. ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

1	ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി	ചെയർമാൻ
2	പ്രിൻസിപ്പൽ സെക്രട്ടറി, നികുതി വകുപ്പ്	വൈസ് ചെയർമാൻ
3	അഡീഷണൽ ചീഫ് സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്	മെമ്പർ
4	പ്രിൻസിപ്പൽ സെക്രട്ടറി, പൊതു വിദ്യാഭ്യാസ വകുപ്പ്	മെമ്പർ
5	സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്	മെമ്പർ
6	എക്സൈസ് കമ്മീഷണർ	മെമ്പർ
7	ഡി.ഐ.ജി. (in charge of SPC)	മെമ്പർ
8	എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ	മെമ്പർ
9	എല്ലാ ജില്ലാ കളക്ടർമാരും	മെമ്പർ
10	ഡയറക്ടർ, സുബോധം പദ്ധതി	കൺവീനർ

LIBRARY ARCHIVES Kerala Legislative Assembly

ലഹരിവിരുദ്ധ ബോധവത്ക്കരണത്തിന്റെ ഭാഗമായി വിവിധ ശില്പശാലകൾ, ആശയക്കൂട്ടായ്മ, സെമിനാറുകൾ, മീറ്റിംഗുകൾ, ബോധവത്ക്കരണ കാമ്പയിനുകൾ, സ്പെഷ്യൽ ഈവന്റുകൾ ഇവ സംഘടിപ്പിച്ചുവരുന്നു. പദ്ധതിയുടെ ഭാഗമായി സന്നദ്ധ സംഘടനകൾ, സർക്കാർ-സർക്കാരിതര സ്ഥാപനങ്ങൾ മുതലായവയിൽനിന്നും പദ്ധതി നിർദ്ദേശങ്ങൾ സ്വീകരിച്ചുവരുന്നു. പദ്ധതിയുടെ സുഗമവും കാര്യക്ഷമവുമായ പ്രവർത്തനത്തിനായി ഒരു ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡറിനെ തെരഞ്ഞെടുക്കുന്നതിനായി ഗവൺമെന്റ് അംഗീകരിച്ച റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ (ആർ.എഫ്.പി) മുഖാന്തരം ഈ-ടെണ്ടർ ചെയ്യുകയും ഇതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ച് വരികയും ചെയ്യുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ

125 (1865) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുവാൻ കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) ഉണ്ട്.

(ബി) ലഹരിവിമുക്ത കേരളം സാക്ഷാത്കരിക്കുന്നതിനായി മദ്യത്തിന്റെ ലഭ്യത കുറയ്ക്കുന്നതിനോടൊപ്പം വർദ്ധിച്ചുവരുന്ന ലഹരി ഉപഭോഗവും അതുമൂലം ഉണ്ടാകുന്ന സാമൂഹ്യവിപത്തിനെക്കുറിച്ചും ജനങ്ങളെ ബോധവൽക്കരിക്കുക, വിദ്യാർത്ഥികളെയും യുവജനങ്ങളെയും ലഹരിയിൽ നിന്നും അകറ്റി നിർത്തുന്നതിനായി അവരെ ബോധവൽക്കരിക്കുക, ലഹരിയുടെ അമിത ഉപയോഗംമൂലം ലഹരിക്കടിമയായ വ്യക്തികളെ അതിൽ നിന്നും പിന്തിരിപ്പിക്കുകയും അവർക്കാവശ്യമായ ലഹരിമുക്ത ചികിത്സ നൽകുകയും

LIBRARY ARCHIVES Kerala Legislative Assembly